**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി- മാർഗ്ഗരേഖാ പരിഷ്കരണം- ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്**

സ.ഉ (പി) നം.319/2015/ധന    തീയതി, തിരുവനന്തപുരം 25.07.2015

---

പരാമർശം :- 1. 27.05.2004 ലെ സ.ഉ (പി) നം. 247/2004/ധന.
2. 18.10.2014 ലെ സ.ഉ (പി) നം. 454/2014/ധന.
3. Local Area Power Development Scheme നടപ്പിലാക്കുന്നത് സംബന്ധിച്ച് 17.04.2015 ൽ കൂടിയ യോഗത്തിന്റെ മിനുട്സ്.

**ഉത്തരവ്**

എം.എൽ.എ. മാരുടെ പ്രത്യേക വികസനനിധിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖകളടങ്ങുന്ന ഉത്തരവ് പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. വൈദ്യുത വകുപ്പമന്ത്രി Local Area Power Development Scheme (LAPDS) എന്ന പദ്ധതി നടപ്പിലാക്കുമെന്ന് 23.06.2014 ൽ നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. ഇതു പ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലും വൈദ്യുത വിസരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം.എൽ.എ മാർ നിർദ്ദേശിക്കുന്ന മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും താഴെപ്പറയും പ്രകാരം ഫണ്ട് സ്വരൂപിക്കേണ്ടതായിട്ടുണ്ട്.

| | |
|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | - 10 ലക്ഷം രൂപ. |
| നിയോജകമണ്ഡലത്തിലെ എം.എൽ.എ | - 5 ലക്ഷം രൂപ. |
| നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ | - 3 ലക്ഷം രൂപ. |
| നിയോജകമണ്ഡലത്തിലെ മുനിസിപ്പാലിറ്റി | - 2 ലക്ഷം രൂപ. |
| നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് | - 1 ലക്ഷം രൂപ. |

2) മുകളിൽ സൂചിപ്പിച്ച നിയോജകമണ്ഡലത്തിലെ എം.എൽ.എ യുടെ വിഹിതമായ 5 ലക്ഷം രൂപ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നുമാണ് വഹിക്കേണ്ടത്. നിയോജക മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് വേണ്ടി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പരാമർശം (2) ഉത്തരവ് പ്രകാരം അനുമതിയുണ്ടെങ്കിലും മറ്റ് ഫണ്ടുകളോടൊപ്പം ചേർത്ത് വിനിയോഗിക്കുവാൻ അനുമതിയില്ല

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ മാർ നിർദ്ദേശിക്കുന്ന വൈദ്യുത വിസരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ഓരോ നിയോജക മണ്ഡലത്തിനും പ്രതിവർഷം 5 ലക്ഷം രൂപ വീതം Local Area Power Development Scheme (LAPDS) പ്രകാരം മറ്റ് ഫണ്ട്കളോടൊപ്പം ചേർത്ത് വിനിയോഗിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

4) എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ. കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ്

1. എല്ലാ നിയമസഭാ സാമാജികർക്കും.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
5. പൊതുഭരണം (എസ്.സി) വകുപ്പ് (15.07.2015 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം 7070 പ്രകാരം)
6. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവ. സെക്രട്ടറിമാർക്കും.
7. എല്ലാ വകുപ്പ മേധാവികൾക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ട്രഷറി വകുപ്പ് ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.
12. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
13. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
14. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ